

**തലസ്ഥാനക്കലി**

**ഇ. കരുണാകരൻ**

1

കഥ

# തലസ്ഥാനക്കലി

## ഇ. കരുണാകരൻ

**മെ**മ്പറാക്കാമോ?

സന്ദർഭം –

മെമ്പറാവുകയാണ് ആവശ്യം. അത് പുറത്തുപറയാൻ വയ്യല്ലോ. പട്ടുകോണകമുടുത്തതിൻ മീതെ പാവുമുണ്ട് ചുറ്റി എരിക്കിൻപൂമാലയണിഞ്ഞ് രക്തചന്ദനക്കുറി തൊട്ട് നിരാഹാരവ്രതമനുഷ്ഠിക്കയാണ് സാഹിത്യകാരൻ. താൽക്കാലികം കമ്മിറ്റി രൂപീകരണത്തിനും, സാഹിത്യഭേദ്യത്തിന്നെതിരായുമാണ് നിരാഹാരമെന്ന നാട്യം. മന്ത്രിയെ സത്യം അറിയപ്പെടുത്തുന്നു. നിർബന്ധിച്ച് എഴുത്തുകാരനെ മെമ്പറാക്കുന്നു. ഇതിന്നിടയിൽ ദയ തോന്നിയ നാലു മലപ്പുറം മാപ്ലാര് കാര്യമെന്തെന്നറിയില്ലെങ്കിലും മന്ത്രിയെ ജീവനോടെ കാണുന്നുമുണ്ട്. സപ്തസാരം കഷായം വാങ്ങാൻ ആര്യവൈദ്യശാല എവിടെയെന്ന് അന്വേഷിച്ചുനടക്കവെയാണ് മാപ്ലാര്, എഴുത്തുകാരൻ പട്ടിണി കിടക്കുന്നത് കാണുന്നത്.

മൂലം കടലെടുത്തുപോയി.

അർത്ഥം :–

പേരൂർക്കട, കിഴക്കേക്കോട്ട, കേശവദാസപുരം എന്നീ സ്ഥലങ്ങളിലേയ്ക്കെപ്പോഴും വിറച്ചുവിറച്ചോടുന്ന ബസ്സുകൾ നിറഞ്ഞ, മുളങ്കണ പോലെ തോളുകളുള്ള സുന്ദരിമാർ നിറഞ്ഞ തലസ്ഥാനം. ഇരുന്നും നിന്നും പ്രജാപരിപാലനത്തിൽ ഏർപ്പെട്ടിരിക്കുന്ന സർക്കാരുള്ള ഈ ദേശം നടപ്പാതയിലെ വൃക്ഷത്തണൽ പോലെ കുളിർമ ഏറിയതും കരുത്തനായ പുരുഷന്റെ സ്ത്രീയെപ്പോലെ സുരക്ഷതത്വത്തിന്റെ സുഖം അറിയുന്നവളുമാണ്.

മാപ്ലാര് തിളച്ചു! അടുത്തുള്ള പൈപ്പിൽനിന്ന് കാല് കഴുകി, കാർക്കിച്ചുതുപ്പി, തൊണ്ടയനക്കി, കാലിട്ടൊരച്ച്, കത്തികാട്ടിയും കൺവെട്ടിച്ചും പിപ്പിടികാട്ടിയും സെക്രട്ടറിയേറ്റിനകത്തു കയറി.

മന്ത്രി ഫയല് നോക്കുകയായിരുന്നു.

മുഖമുയർത്തിയപ്പോൾ നാല് വ്യത്യസ്ത പോസ്സുകളിൽ വളരെ കൂളായി നിൽക്കുന്ന നാല് മാപ്ലാര് വാതിൽക്കൽ. അവരുടെ പിന്നിൽ അടഞ്ഞ വാതിൽ. നെഞ്ചുവിരിച്ചുകൊണ്ട് സിനിമയിലെ ബലാൽത്സംഗത്തിനെന്നപോലെ പയ്യെ പയ്യെ മുന്നോട്ട് വരികയാണ്. കൂട്ടത്തിൽ ചെറുനാരങ്ങകൊണ്ട് അമ്മാനമാടുന്നുമുണ്ട്.

മിനിസ്റ്റർ ഒപ്പിട്ട അതിഗൗരവമായ ഫയൽ വേഗ് വശത്തേക്കുമാറ്റി. മുന്നോട്ടാഞ്ഞ് കണ്ണടയുരി മേശപ്പുറത്തുവെച്ചു. കണ്ണുതിരുമ്മി. നാൽവർ സംഘത്തെ മാറിമാറിനോക്കി പുഞ്ചിരിച്ചുകൊണ്ട് ചോദിച്ചു.

"നിങ്ങളൊക്കെ ആരാണ്? അതിക്രമിച്ചു കടന്ന നിങ്ങളൊക്കെ ആരാണ്?"

"ഞങ്ങൾ മലപ്പുറം മാപ്ലാരാണ്."

അവർ തെളിവായി നാലു മലപ്പുറം കത്തി മേശമേലേക്കിട്ടു. മന്ത്രി മൂർച്ചയുടെ മൂർച്ച നോക്കി. "കൊള്ളാം. നാലും നല്ല കത്തി. എന്തൊക്കെ ബിസായങ്ങള് ണ്ണി' (മന്ത്രിയുടെ ഡയലോഗ് ശ്രോതാക്കളെ ആശ്രയിച്ചാണ്. നമ്പൂരി ഫലിതവും ഒപ്പനപ്പാട്ടും മാർഗംകളിയും മനഃപാഠം)

"എല്ലാരും കുത്രിക്കീ"

"ഞമ്മള് ഇരിയ്ക്കാമ്പന്നതല്ല. അങ്ങനെ ഇങ്ങള് ഞമ്മളെ ഇരുത്തണ്ട."

മെതിയടിധരിച്ച ഭാരിച്ച ദേഹമുള്ള മാപ്ല എയർകണ്ടീഷൻ ചെയ്ത മുറിയിൽ തലങ്ങും വിലങ്ങും നടന്നു.

"നാല് ചായ ബരുത്തട്ടെ"– മന്ത്രി വിനീതനായി.

"ഞമ്മള് കുടിച്ചാനും തിന്നാനും ഒന്നും ബന്നതല്ലാന്ന്. ചായ കൊറേ ഏറെ ഞമ്മള് കുടിച്ചിക്ക്ണ്. ങ്ങള് കുടിപ്പിക്കണ്ട."

"പടച്ചോനെ ഞമ്മളെന്താ ബേണ്ടി"

"ഇങ്ങള് താലോം പുടിച്ച് നിക്കണം." (പഴയനാടകത്തിൽ കാണികൾക്ക് നേരെ മുഖം തിരിച്ചുകൊണ്ടെന്നപോലെ) ഞമ്മളെന്താ ബേണ്ടി.

വെള്ളത്താടിയുഴിഞ്ഞ് ഒരു പഞ്ചാബിചരായയുടെ മാപ്പിള മന്ത്രിയോട് പറഞ്ഞു. "ഇങ്ങക്ക് ചെറുപ്പാ ലോകം തിരിയൂല ബടന്നെ പടിക്കല് ഒരാള് പട്ടിണി കെടക്കണ കാര്യം ഇങ്ങള് അറിഞ്ഞ്ക്കണോ? ഇങ്ങളെ കാര്യസ്സന്മാരൊന്നും ഇവ്വിവരം ങ്ങളോട് പറഞ്ഞില്ലേ?"

മെതിയടിക്കാരൻ പറഞ്ഞു: “ഹംസക്കാ ങ്ങളെ കാന്തിസം (ഗാന്ധിസം–ലേഖ) കൊണ്ടൊന്നും കാര്യം നടക്കൂല. നല്ലോംമ്പോലെ നാല് വർത്താനങ്ങട് പറഞ്ഞ് കൊടുക്കീ. ന്നേക്ക് നാല് ദെവസായ് ഓൻ പട്ടിണി കെടക്കണ്. ങ്ങള് ദിന്റവുത്ത് തണുത്ത ബായും ഐസ്ഫ്രൂട്ടും തിന്ന് മലന്ന് കെടക്കണ്. ങ്ങളെ ഖൽബ് പടച്ചോൻ ഇരുമ്പോണ്ടാക്കീത്? കുരിപ്പേ!”

“റഹ്മാനേ തെള്ള അടക്കിക്കോ. അള്ളാണ് അണക്ക് ന്റെ കയ്യിന്ന് കിട്ടും. ജ്ജ് നാക്ക് തൊള്ളേലിട്ടോ”

“പടിയ്ക്കലൊരാള് പട്ടിണി കിടക്കുമ്പോ എന്താ ഏതാന്നൊരമ്പേശണം ബേണ്ടെ? മന്സന്റെ ഉള്ള് ബേകണ കണ്ടാ തിരിയാത്ത ബനോടൊക്കെ ബർത്താനം പറേണോലെ തല്ലണം. ഫൂ!”

ബാക്കി മൂന്നുപേരും തുപ്പി ഫൂ! ഫൂ! ഫൂ!

രൂക്ഷമായി മന്ത്രിയെ നോക്കി തലേക്കെട്ടഴിച്ച് കുടഞ്ഞ് പുറത്തു കടന്നു. വാതിൽക്കലിരിക്കുന്ന ശിപായിയേയും രണ്ടു തവണ രൂക്ഷമായി തിരിഞ്ഞുനോക്കി.

മന്ത്രിയുടെ ദീർഘനിശ്വാസം മുറിയിൽ നിറഞ്ഞു. മന്ത്രി അന്വേഷിച്ചു. “ആരാടോ പടിക്കല് പട്ടിണി”

ഇക്ബാൽ സാർ മൺട്രോത്തുരുത്ത്”

“എന്താ അയ്യാക്ക് വേണ്ടത്?”

“സർ മെമ്പറാവണം”

“ആക്ക്”

“സർ! ആളുകളെയൊക്കെ തീരുമാനിച്ചുപോയി സർ സാറിന്നറിയാമല്ലോ!”

“ഇവനെക്കൂടെപ്പെടുത്തടോ. ആ മാപ്ലാരിനിയും വന്നാ എന്നെ പൊരിച്ചു തിന്നും.”

“പക്ഷേ, സാർ പ്രോട്ടോക്കോൾ...”

മന്ത്രി തറച്ചുനോക്കി. ഒന്നും മിണ്ടുന്നില്ല. യുദ്ധതന്ത്രങ്ങൾ തലച്ചോറിൽ മിന്നിമറയുമ്പോൾ മന്ത്രി അങ്ങനെയാണ്; മുന്നിലിരിക്കുന്നവരെ തറച്ചുനോക്കും.”

“ആനന്ദഭൈരവൻ നായരേ തിരുത്തൂ. തിരുത്തി തിരുത്തിയല്ലേ മനുഷ്യൻ പുരോഗമിക്കുന്നത്. കമ്മിററി താൽക്കാലികനാവട്ടെ. അഡ്ഹോക്ക്. കണ്ണൻമേനോൻ തന്നെ പ്രസിഡേണ്ട്. ശാന്ത സ്വഭാവിയാണ്. വായിൽ വിരലിട്ടാലും കടിക്കുകേല. ഞാൻ പരീക്ഷിച്ചു നോക്കിയിട്ടുണ്ട്. പാപബോധം കൊണ്ട് ആഴ്ചയിലൊരിക്കലേ ഭക്ഷിക്കൂ. അതും നിർത്താൻ പോകുന്നെന്ന് കേൾവി. (ഹിംസ നടത്താതെ വെജിറ്റേറിയൻ ഫുഡും ഉണ്ടാവില്ലല്ലോ). പറഞ്ഞതു കേട്ടു നടന്നോളും. എന്തൊരു തങ്കപ്പെട്ട മനുഷ്യൻ. ബാക്കി ഒരു ക്രിസ്ത്യാനി, ചെറുമനൊന്ന്, ഒരു നായർ പടയാളിയും ഫയല് പിടിച്ച് ഉലക്കവടിവിൽ നിൽക്കുന്ന ആനന്ദഭൈരവൻ സാർ, സർ എന്നുച്ചരിയ്ക്ക മാത്രം ചെയ്തു.

“ആനന്ദഭൈരവന്റെ വല്ലവരുമുണ്ടെങ്കിൽ കമ്മിററിയാക്കിക്കൊള്ളു”

“പിന്നെ പടിക്കലിരിക്കണ വിദ്വാനേം പെടുത്ത്. എണ്ണം കൂടിക്കോട്ടെ. ഏതുമില്ല വല്ല കാര്യവുമുള്ള കാര്യമാണോ ഇതൊക്കെ. വേഗം ഭേദഗതി ടൈപ്പ് ചെയ്തുകൊണ്ടുവരൂ ഒപ്പു ചാർത്താം. പിന്നെ ഇക്ബാൽ ഏത് ജില്ലക്കാരനാണ്?”

“വിശ്വപൗരനാണ് സാർ.”

മന്ത്രിക്ക് ചൊറിഞ്ഞുവന്നു. “ഏത് ജില്ലയിലാണെടോ തള്ള അവനെ പെറ്റിട്ടത്?”

“കൊല്ലം ജില്ല സാർ”

“എസ്.റ്റി.ഡി. റ്റു കൊല്ലം ലോക്കൽ നേതാ.”

“സദാശിവാ മൺട്രോവിനെ കമ്മറ്റിയാക്കത്തതെന്താ. നിങ്ങള് തമ്മിലുള്ള വഴക്ക്കൊണ്ട് എനിക്കാണല്ലോ ബുദ്ധിമുട്ട്.”

“സാർ മൺട്രോ നോവലും കഥയുമെഴുതിയിട്ടുണ്ട്. അത്രയും ആശ്വാസം. നിമിഷ–ദ്രുത നോവലിസ്റ്റാണ്. ഒരു സെക്കന്റ് സാറ്റർഡേ ഒരു സൺഡേ ഉച്ചവരെ– ഒരു നോവൽ തീർന്നു. എഴുത്തുകാരന്മാരുടെ ഗുണങ്ങളെല്ലാം ഉള്ളവനാണ്. ചാരായഷാപ്പിൽനിന്ന് പ്രചോദനവും മറ്റും ഉൾക്കൊണ്ട് പല തവണ സൃഷ്ടിച്ചിട്ടുണ്ട്. പക്ഷേ, ഒരൊതുക്കം പോരാ സാർ. നമ്മളെക്കാളൊക്കെ വല്യ ആളാണെന്ന ഭാവമാണ്. കണ്ണൻ മേനോൻ സാറിനൊക്കെ എന്തൊരു വിനയം! എന്തൊരു ജാളിടൈപ്പ്!”

“ആരെങ്കിലും ഭാവിച്ചോട്ടെടോ. പുറത്തുഭാവിക്കുന്നതാണോ അകത്ത്, അകത്തുള്ളതാണോ പുറത്ത് അകത്തും പുറത്തും ഉള്ളതാണോ അരങ്ങത്ത് താനറിഞ്ഞു കാണുമല്ലോ മൺട്രോ നാലുദിനായി പട്ടിണിയിലാണ്. ഇവിടെ പടിക്കലുണ്ട്. നിരാഹാരം പൊതുവെ സാഹിത്യത്തിന്റെ ഉന്നമനത്തിനും താൽക്കാലികനും എതിരെയാണെന്ന് നാട്യം.”

“താൽക്കാലികനോ.”

“ഇതാ ഇപ്പോ അങ്ങനെയൊരു തീരുമാനമുണ്ടായി. കണ്ണൻമേനെ വിളിച്ചുപറയാൻ പറഞ്ഞിട്ടുണ്ട്. കമ്മറ്റി കൂടി തീരുമാനിച്ചെന്ന് ഭാവിക്കട്ടെ എന്തേയ്!”

“പക്ഷേ, മൺട്രോ ഇതറിഞ്ഞതെങ്ങനെ സാർ.”

“നാടു മുഴുവൻ ഗൂഢാലോചനക്കാരും ചാരന്മാരുമല്ലെടോ. ഏതായാലും ഞാനൊന്ന് മൺട്രോയോട് സംസാരിക്കട്ടെ. എനിക്കൊരു കാര്യം അറിഞ്ഞാൽ മതി. മൺട്രോവിന്റെ നോവൽ വായിച്ച് ഏതെങ്കിലും പെണ്ണ് ആത്മഹത്യ ചെയ്തിട്ടുണ്ടോ? ഐ മീൻ മരണക്കുറിപ്പിൽ മൺട്രോവിന്റെ നോവലിനെക്കുറിച്ച് മടവാർ രണ്ടുവരി കുറിച്ചിട്ടുണ്ടോ? അതൊന്നുമില്ലല്ലോ. എനിക്ക് തോന്നുന്നത് സദാശിവന്റെ അപ്രോച്ചിലെന്തോ തകരാറുണ്ടെന്നാണ്. മറ്റേതെങ്കിലും എഴുത്തുകാരനെ ടിയാന്റെ മുന്നിലിട്ട് പുകഴ്ത്തുകയും മറ്റും ചെയ്തോ? സദാശിവ ഈ നാട്ടിൽ പതിനെട്ട് സാഹിത്യകാരന്മാരേയുള്ളൂ? അല്ലല്ലോ പിന്നെന്താ? അനുകൂലമായി നിൽക്കുന്നവരെയൊക്കെ കൂടെ കൂട്ടുക. ബാക്കിയുള്ളവരെ പ്രതിപക്ഷമായി കണക്കാക്കുക. അതല്ലേ നമ്മുടെ നയം. ഭയപ്പെടാനൊന്നുമില്ല. സദാശിവനറിയാൻ പാടില്ലാഞ്ഞാണ്. പാവങ്ങളാണ്. പറയാതെ തന്നെ പറഞ്ഞത് കേട്ടു നടന്നോളും. ഞാൻ മൺട്രോവിനോട് സംസാരിക്കട്ടെ. മോളെന്തു പറയുന്നു.”

“മോൾക്ക് മന്ത്രിമാമനെപ്പറ്റി പറയാനേ നേരമുള്ളു. ഷീ ടെറിബിളി ലൈക്ക് യു സാർ...”

“ഹഹഹ എന്നാലങ്ങനെ. ഭാര്യയെ നിർദ്ദയം ഭോഗിക്കാൻ പോകയല്ലേ?”

“അതേ സാർ.”

“ആഡിറ്റ് ഒബ്ജക്ഷനൊന്നുമില്ലല്ലോ? സന്ധ്യമയങ്ങിയാൽ പിന്നെ നമുക്കൊക്കെ മറ്റെന്തുപണി അല്ലേ? ഭാര്യയില്ലെങ്കിൽ ഇനിയൊരുത്തി. പിന്നെ സദാ ശിവാമൺട്രോ കമ്മറ്റിയുലുൾപ്പെട്ടാൽ അതിശയിക്കണ്ട കേട്ടോ. ഫോൺ വെയ്ക്കട്ടെ...”

“സർ”

മിനിസ്റ്ററുമായി ഇപ്പം സംസാരിച്ചുകഴിഞ്ഞതേയുള്ളൂ എന്നൊരുഭാവത്തോടെ സദാശിവ ബെഡ്റൂമിലേക്കു കടന്നു. സ്വാഭാവികമായും ഭാര്യ വെറുമൊരു കൃമിയായി അന്നേരമയാൾക്ക് തോന്നി.

“ചുമ്മാ ആവശ്യമില്ലാതെ ഓരോരോ പ്രശ്നങ്ങൾ” മിനിസ്റ്റർ തന്നോട് തന്നെ പറഞ്ഞു. ലവന്റെയൊക്കെ അമ്മേടെ സാഹിത്യം. തുടർന്ന് ഒരുക്കൻതെറി മനസ്സിൽ പറഞ്ഞു മന്ത്രി. എന്നിട്ട് ചുറ്റും നോക്കി.

സെക്രട്ടറിയേററ് പടിക്കൽ അർദ്ധനഗ്നനായി മൺട്രോ എരിക്കിൻ പൂമാലയണിഞ്ഞ് ചെവിയിൽ ചെമ്പരത്തിപ്പൂ തിരുകി പഞ്ചാവാദ്യഘോഷങ്ങൾക്കിടയിൽ മുത്തൂറ്റ് ബിൽഡിങ്ങും നോക്കി അവശനായി കിടക്കുകയാണ്.

കൂട്ടരേ പൊരുതിവീണവരുടെ ചോരപ്പാടുകൾ നിങ്ങളെ ഉണർത്തെഴുന്നേൽപ്പിക്കട്ടെ. അലറി വിളിക്കൂ കൂട്ടരേ, നിങ്ങളുടെ തൊണ്ട പൊട്ടിത്തെറിച്ച ചോരക്കട്ടകൾ ചക്രവാളത്തെ രക്തപങ്കിലമാക്കട്ടെ. ഇങ്ങിനെയൊക്കെ എഴുതിയ കടലാസുകൾ നെടുമങ്ങാട്ട്, കാട്ടാക്കട, ആനയറ എന്നിവിടങ്ങളിൽ നിന്നോരോ കാര്യത്തിനായി വന്ന വൃദ്ധന്മാർ ചാഞ്ഞും ചരിഞ്ഞും കൂട്ടി കൂട്ടി വായിച്ചു.

പതിനാലുകൊല്ലം തുടർച്ചയായി കാര്യസ്ഥനായ ദി ബിഗ്ബ്രദർ വെള്ളക്കുതിരപ്പുറത്തേറി വന്നു. മൺട്രോയെ ചെമ്പരത്തിപ്പൂമാലയണിയിച്ചു.

തന്റെ റോളെത്തിയപ്പോൾ സ്റ്റേജിലേക്ക് കടക്കുന്ന ഒരു നടനെപ്പോലെ മന്ത്രി തന്റെ ശിങ്കിടികൾ, പ്രിയപ്പെട്ടവർ, പൊന്നരഞ്ഞാൺ, പൊലീസുകാർ എന്നിവരൊന്നിച്ച് വേഗം വേഗം എന്നുരുവിട്ടുകൊണ്ട് ധൃതിയിൽ പടിക്കലെത്തി. അതേ ധൃതിയിൽ നടന്നുചെന്ന് മൺട്രോയെ ചുറ്റിപ്പിടിച്ച് ആലിംഗനം ചെയ്തു. പിന്നീട് ആവേശം നിറഞ്ഞ സ്വരത്തിൽ നാലുവാക്ക് പറഞ്ഞു. സംസ്കാരത്തിന്റെ കാവൽ ഭടന്മാരാണ് എഴുത്തുകാർ. സാഹിത്യത്തിന്റെയോ സാഹിത്യകാരന്മാരുടെയോ സർഗാത്മക പ്രവർത്തനത്തിൽ ഇടപെടുന്നതായ ഒരു സർക്കാരല്ല, ഇപ്പോഴുള്ളത്.

സ്വാതന്ത്ര്യത്തിന്റെ മധുരിമ– ആലങ്കാരിക ഭാഷയിലൊക്കെ പറയുകയാണെങ്കിൽ ചോക്ളേയ്റ്റ് നുണയുന്നപോലെ നുണഞ്ഞ് സർഗാത്മക പ്രവർത്തനത്തിലേർപ്പെടുക എന്നേ എന്റെ പ്രിയസാഹിത്യകാര സുഹൃത്തുക്കളോട് എനിക്ക് പറയാനുള്ളൂ. എന്നാൽ, പ്രോട്ടോക്കോളിൽ ചില ചില ഭേദഗതികൾ വരുത്തേണ്ടതെത്രയും ആവശ്യമാണെന്ന് സർക്കാരിന് ബോധ്യം വന്നിട്ടുള്ളതാണ്. ഇതിന്നായി (ശബ്ദമുയർത്തി) ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് ഒരു താൽക്കാലിക കമ്മറ്റിയാണ് ഇത്തവണ. പക്ഷേ, എന്തായാലും മൺട്രോ സാറിനെപ്പോലെയുള്ള ഒരു പ്രതിഭ കമ്മറ്റിയിൽനിന്ന് ഒഴിവായതിന്റെ വിസ്മയം അനന്തകാലത്തോളം എന്നിൽ നിലനിൽക്കും. സാറെന്റെ ഗുരുവാണ്. ചങ്ങമ്പുഴ കവിത പാടിത്തളർന്ന

മലയാളിയുടെ ചുണ്ടിലേക്ക് ഒരഗ്നിയോളം കണക്കെയാണ് സാറിന്റെ ആദ്യകാല കവിതകൾ വന്നുവീണത്. സാറിന്റെ തീജ്വാല എന്ന നോവൽ ഞാൻ പലയാവർത്തി വായിച്ചതാണ്. സാറിന്റെ ഗൈഡുകളും നിഘണ്ടുക്കളും എനിക്കെന്നും പ്രിയപ്പെട്ടതാണ്. എനിക്കു മാത്രമല്ല മലയാളികൾക്കാകമാനം (അടക്കിയ ചിരിയോടെ ഒരു സ്വകാര്യമെന്ന മട്ടിൽ) എന്റെ കുടുംബത്തിന്റേയും പ്രിയപ്പെട്ട എഴുത്തുകാരനാണ് മൺട്രോസാർ. (അഗാധ ശബ്ദത്തിൽ നഷ്ടബോധം കൊണ്ടെന്നപോലെ) മന്ത്രിപ്പണി കിട്ടിയതിൽ പിന്നെ ഒന്നും വായിക്കാൻ പറ്റാറില്ല. നിങ്ങളുടെയെല്ലാം അനുവാദത്തോടെ സാറിനോടൊരു സഹായം അഭ്യർത്ഥിക്കുകയാണ്, ഞാൻ. സാറ് കമ്മറ്റിയാകണം. (മൺട്രോ സാർ നിഷേധാത്മകമായൊരു മുഖഭാവം കാട്ടി.) ഇക്കാര്യത്തിൽ സാറ് എതിർക്കുകേലെന്നും ബലം പ്രയോഗിക്കാൻ സർക്കാരിനെ നിർബന്ധിക്കയില്ലെന്നും കരുതി വാക്കുകൾ ചുരുക്കുന്നു. നിങ്ങൾക്കെല്ലാം ഒരിക്കൽകൂടി നന്ദി.

പ്രസിദ്ധ കവിയും വാഗ്മിയും പ്രസിഡേണ്ടുമായ കണ്ണൻമേനോൻ, ദിബിഗ്ബ്രദർ കോലഞ്ചേരി നാരായണൻ, കടമറ്റത്ത് കാത്തനാർ, ബാലകൃഷ്ണൻ പേരാമംഗലം എന്നിവർ തുടർച്ചയായി പ്രസംഗിച്ചു.

പൊലീസുകാരൻ കഠാരയൂരി ചെറുനാരാങ്ങാമുറിച്ചു വെള്ളം കലക്കി. മന്ത്രി നൽകിയ നാരങ്ങാവെള്ളം കുടിച്ച് മൺട്രോസാർ നിരാഹാരവ്രതം അവസാനിപ്പിച്ചു. നീലാകാശ കിഴക്കൻചരുവിൽ ഒരു വിളറിയ ചന്ദ്രക്കലപോലെ കിടന്ന മൺട്രോപത്നിയുടെ സ്ഥിതിമാറി. കൈകൾ തടിക്കാൻ തുടങ്ങി. മുൻപ് വള ഊർന്നുപോയിരുന്നു. അതിനാൽ മാറ്റിപ്പണിയാൻ ഒരെണ്ണം പറഞ്ഞ ഹേമാളനെ സർക്കാരിൽനിന്നനുവദിക്കുകയുണ്ടായി. മൺട്രോസാർ, ഭാര്യ ഹേമാളൻ – ഇവർ വളരെക്കാലം സുഖമായി ജീവിച്ചു. ഇനിയും മരിച്ചിട്ടില്ല.